# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3756 — 17.10.2011 ൽ മറുപടിക്ക്

## ബസ്സുകളിൽ വാതിൽ സംവിധാന പരിഷ്കരണം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ സ്വകാര്യ ബസ്സുകൾ വാതിൽ തുറന്നിട്ട് അമിതവേഗത്തിൽ പോകുന്നതിനാൽ യാത്രക്കാർ ബസ്സുകളിൽ നിന്നും തെറിച്ച് വീണ് അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ബസ്സുകളിൽ അടച്ചുറപ്പുള്ള വാതിൽ ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കണമെന്നും, അല്ലാത്ത ബസ്സുകൾക്കെതിരെ നടപടി എടുക്കണമെന്നുമുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) | നിലവിലുള്ള ചട്ടങ്ങൾ സ്റ്റേജ് ക്യാരേജുകളിൽ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും ചട്ടങ്ങൾ പാലിക്കാത്ത സ്റ്റേജ് ക്യാരേജ് ഉടമകൾക്കെതിരെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് നൽകുന്ന സമയത്തും ചെക്കിംഗ് സമയത്തും വാഹനത്തിന് ചട്ടപ്രകാരമുള്ള വാതിൽ ഉണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. |
| (സി) ബസ്സുകളിൽ വാതിൽ സംവിധാനം കാലോചിതമായി പരിഷ്കരിച്ച് ഡ്രൈവർക്ക് നിയന്ത്രിക്കാവുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന ട്രാൻസ്പോർട്ട് വകുപ്പിന്റെ ശുപാർശയിൽ തുടർനടപടികൾ എടുക്കാത്തതെന്താണെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ? | (സി) | സംസ്ഥാനത്തെ സ്റ്റേജ് ക്യാരേജുകളിൽ 'ന്യൂമാറ്റിക്ക് ഡോർ സംവിധാനം' ഏർപ്പെടുത്തുന്നതിനുള്ള ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിന്മേലുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ